# ‘എന്തിനു പ്രാർത്ഥിക്കണം’ – ‘Why Should We Pray?’

## മത്തായി 26:41

‘‘പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ’’.

ദൈവമക്കൾക്ക് പരീക്ഷ ഉണ്ട് എന്നുള്ളത് ഈ വാക്യത്തിൽ കൂടി വ്യക്തമാണ്. എന്നാൽ അതിൽ നിന്നും രക്ഷ നേടാൻ, വിടുതൽ പ്രാപിക്കാൻ എന്തു ചെയ്യണം എന്നാണ് യേശു തന്റെ ശിഷ്യന്മാരോട് ഈ വാക്യത്തിൽ കൂടി ഉപദേശിക്കുന്നത്. പ്രാർത്ഥിക്കുക എന്നു മാത്രമല്ല, ഉണർന്നിരുന്നു തന്നെ പ്രാർത്ഥിക്കണം. ഓരോ ദൈവപൈതലിനെയും ദൈവ സന്നിധിയിൽ നിന്ന്, അവന്റെ സാന്നിധ്യത്തിൽ നിന്നും അകറ്റാൻ ഗൂഢതന്ത്രം മെനഞ്ഞു കൊണ്ട് പരീക്ഷകൻ ഉണ്ട്. ആ ദുഷ്ടന്റെ തന്ത്രങ്ങളിൽ നിന്നും ജയിക്കാൻ ഓരോ ദിവസവും നാം പ്രാർത്ഥനയിൽ പോരാടണം. നാം ഉണർവ്വുള്ളവരായി, സുബോധ മുള്ളവരായി പ്രാർത്ഥനയിൽ ഉറ്റിരിക്കണം. അല്ല എങ്കിൽ നമ്മുടെ കർത്താവ് നമ്മെ ഓർമ്മി പ്പിച്ചതുപോലെ പരീക്ഷയിൽ അകപ്പെടുവാനും വീണുപോകാനും സാധ്യതയുണ്ട്.

ശേയുവിന്റെ ശിഷ്യനായ പത്രോസ് സാത്താന്റെ തന്ത്രത്തിൽ കുടുങ്ങിപ്പോയത് നമുക്ക് വചനത്തിൽ കാണാം. എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഇടറുകയില്ല എന്നു പറഞ്ഞ പത്രോസ് അന്നു രാത്രിയിൽ തന്നെ ഞാനവനെ അറിയുകയില്ല എന്നു പറഞ്ഞു. ഇങ്ങനെ നമ്മളെ ഓരോരുത്തരെയും വീഴ്ത്താൻ ഈ ലോകത്തിന്റെ അധിപൻ തക്കം പാർത്തു നടക്കുകയാണ്. അതിനാൽ നിരന്തരമായി മടുത്തുപോകാതെ പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് ഉണർവ്വോടെ ഇരിക്കാം. നമുക്കു ചുറ്റും നടക്കുന്നതിനെ വിവേചിക്കുവാൻ, നമ്മുടെ ഉള്ളിലെ മനുഷ്യൻ ബലം പ്രാപിക്കാൻ പ്രാർത്ഥനയിൽ കൂടി മാത്രമേ സാധിക്കുകയുള്ളു. നമ്മുടെ കർത്താവ് ഈ ലോകത്തിലായിരുന്നപ്പോൾ പ്രാർത്ഥനക്ക് എത്രത്തോളം പ്രാധാന്യം കൊടുത്തിരുന്നുവെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരും. ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ, ഉണർന്നും സുബോധമുള്ളവരുമായിരിക്ക. നാമോ പകലിനുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചു കൊണ്ട് സുബോധമായിരിക്ക.

പരാമർശം :

1 കൊരിന്ത്യർ 16:13-14

ഉണർന്നിരിപ്പിൻ; വിശ്വാസത്തിൽ നിലനില്പിൻ; പുരുഷത്വം കാണിപ്പിൻ; ശക്തിപ്പെടുവിൻ. നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്വിൻ.

സിസ്റ്റർ റീന ഷാജി ഏബ്രഹാം പള്ളിപ്പാട് 001